പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3692 23.08.2017 ലെ മറുപടിക്ക്

കയർ വ്യവസായ രംഗത്തെ സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ.വി. ജോയി<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായ രംഗത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | എ) കയർ വ്യവസായ രംഗത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രോജക്ട്തലത്തിലും ഡയറക്ടറേറ്റ് തലത്തിലും അവലോകനം ചെയ്ത് പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പുന:സംഘടനയ്ക്കും ആധുനീകരണത്തിനുമായി സമഗ്ര പദ്ധതി തയ്യാറാക്കി എൻ.സി.ഡി.സി.യിൽ വായ്പയ്ക്കായി സമർപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>സി) എങ്കിൽ ഇതുസംബന്ധിച്ച പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ; | ബി) & സി) ഉണ്ട്. കയർ സഹകരണ സംഘങ്ങളുടെ വികസനത്തിനായി 13-ാം പഞ്ചവത്സര പദ്ധതി കാലയളവിലേയ്ക്ക് എൻ.സി.ഡി.സി യിൽ നിന്നും 200 കോടി രൂപയുടെ സാമ്പത്തിക സഹായം തേടുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഡി) കയർ സഹകരണ സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി, പ്രവർത്തന മൂലധന സഹായം എന്നിവ യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) കയർ സഹകരണ സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി, പ്രവർത്തനമൂലധനം എന്നിവ യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. മാനേജീരിയൽ സബ്സിഡിയായി 412 കയർ സഹകരണ സംഘങ്ങൾക്ക് 01/06/2016 മുതൽ 31/03/2017 വരെയുള്ള 10 മാസക്കാലത്തേക്കായി 2,07,15,000/- രൂപാ പ്രവർത്തനമൂലധനമായി നൽകിയിട്ടുണ്ട്. കയർ കോ ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം പ്രകാരം 12 കോടി രൂപ കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ മുൻകാലങ്ങളിൽ വിവിധ സ്കീമുകളിൽ അനുവദിച്ചിട്ടുള്ളതിൽ മിച്ചമുള്ള തുക പ്രവർത്തനമൂലധനമായി വിനിയോഗിക്കുവാൻ അനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ